"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 2022-2023 വർഷം പ്രാബല്യത്തിലുള്ള ലൈസൻസോ അനുവാദമോ 2023-2024 വർഷത്തേക്ക് പുതുക്കുന്നതിന് 31.03.2023 വരെ അധിക ഫീസ് ഈടാക്കാതെ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.533/2023/LSGD തീയതി,തിരുവനന്തപുരം, 03-03-2023

---

പരാമർശം:- ബഹു.തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ 27.02.2023-ലെ 96/N/M(LSGD & Ex)/2023 നമ്പർ കുറിപ്പ്.

<u>ഉത്തരവ്</u>

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും അവയ്ക്ക് കീഴിലുള്ള ചട്ടങ്ങളിലും നഗരസഭകളിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന ഏതെങ്കിലും ലൈസൻസോ അനുവാദമോ പുതുക്കുന്നതിനുള്ള ഏതൊരപേക്ഷയും ലൈസൻസ് ആവശ്യമായ കാലം തുടങ്ങുന്നതു മുതൽ 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയുമുള്ള സമയത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിശ്ചിത സമയപരിധിയ്ക്കകം ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകാത്ത സംഗതികളിൽ വാർഷിക ഫീസിനോടൊപ്പം നിശ്ചിത നിരക്കിലുള്ള അധികഫീസ് ഒടുക്കേണ്ടതാണെന്ന് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്.

എന്നിരുന്നാലും, 2022-2023 വർഷം പ്രാബല്യത്തിലുള്ള ലൈസൻസോ അനുവാദമോ 2023-2024 വർഷത്തേക്ക് പുതുക്കുന്നതിനുള്ള അപേക്ഷ 31.03.2023 വരെ അധിക ഫീസ് ഈടാക്കാതെ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത്/ നഗരസഭകൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ(അർബൻ/റൂറൽ) വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I, ഓഡിറ്റ് II), കേരള,തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ,ഐ&പിആർഡി/വെബ് &ന്യൂ മീഡിയ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M
Date: 03-03-2023 15:08:49

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി